**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **13-09-2023 - ൽ മറുപടിയ്ക്ക്**

**മോൻസൺ മാവുങ്കൽ പുരാവസ്തു തട്ടിപ്പ് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മോൻസൺ മാവുങ്കലിന്റെ പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് 4 കേസുകൾ ക്രൈം ബ്രാഞ്ചിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസുകളുടെ വിശദാംശങ്ങൾ ചുവടെ.<br><br>1. ക്രൈംബ്രാഞ്ച് ക്രൈം.നം. 272/CB/EKM/D/2021 U/s 465,468,204 & 34 IPC.<br><br>കൈവശമുള്ള പുരാവസ്തുക്കളുടെ വിശ്വാസ്യത വർദ്ധിപ്പിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കണമെന്നും വിശ്വാസ വഞ്ചന നടത്തി അന്യായ ലാഭമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടി Defence Research Development Organization, Ministry of Defence, Govt. of India-യുടെ പേരിലുള്ള 4 വ്യാജ രേഖകൾ കൃത്രിമമായി നിർമ്മിച്ച് തന്റെ കലൂരിലുള്ള വീട്ടിൽ സൂക്ഷിച്ചിരുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസാണിത്. മോൻസൺ മാവുങ്കൽ, ജിഷ്ണു S/o ശശി എന്നിവരാണ് പ്രതികൾ. കേസ് അന്വേഷണ ഘട്ടത്തിലാണ്.<br><br>2.ക്രൈം ബ്രാഞ്ച് ക്രൈം.നം. 263/CB CU-II/EKM/D/2021 U/s 468, 471, 420 IPC.<br><br>100 വർഷത്തോളം പഴക്കമുള്ള പുരാവസ്തുക്കൾ മൂന്ന് കോടി രൂപ നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പ്രതിയായ മോൻസൺ മാവുങ്കൽ പരാതിക്കാരനിൽ നിന്നും വാങ്ങുകയും തവണകളായി 30 ലക്ഷം രൂപ പരാതിക്കാരനിൽ നിന്നും തവണകളായി കൈപ്പറ്റുകയും ചെയ്തു. ടി തുകകൾ തിരിച്ചു നൽകാതെ മൂന്നുകോടി മുപ്പതു ലക്ഷം രൂപയുടെ സാമ്പത്തികനഷ്ടം പരാതിക്കാരന് ഉണ്ടാക്കിയതിനും 100 വർഷത്തോളം പഴക്കമുള്ള പുരാവസ്തുക്കൾ അതിപുരാതന കാലത്തുള്ളതാണെന്ന പ്രദർശിപ്പിച്ച് സന്ദർശകരെയും പരാതിക്കാരനെയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തതിനു രജിസ്റ്റർ ചെയ്ത കേസ്. കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 3. <u>ക്രൈം ബ്രാഞ്ച് ക്രൈം.നം.262/CB/TVM/D/2021 U/s 406 & 420 IPC</u><br><br>കേസിലെ പരാതിക്കാരനായ സുരേഷ് കുമാറിന്റെ കരകൗശല ഉൽപ്പന്നങ്ങൾ 80 ലക്ഷം രൂപ വില സമ്മതിച്ച് ഈ കേസിലെ പ്രതി മോൻസൺ മാവുങ്കൽ കൈപ്പറ്റിയ ശേഷം പണം മുഴുവൻ നൽകാതെ ചതിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസാണ്. ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു.തിരുവനന്തപുരം JFMC -II കോടതിയിൽ സമർപ്പിക്കുകയുണ്ടായി. കേസിന്റെ വിചാരണ നടന്നു വരവെ പരാതിക്കാരനായ ശ്രീ.സുരേഷ് കുമാർ നൽകിയ ഹർജി പരിഗണിച്ച് ബഹു. കോടതി CrPC 320(8) പ്രകാരം 13.09.2022-ൽ ഈ കേസ് കോമ്പൗണ്ട് ചെയ്തിട്ടുണ്ട്.<br><br><u>4. ക്രൈം ബ്രാഞ്ച് ക്രൈം.നം.300/CB CU-II/EKM/D/2021 U/s 406, 419,468, 420 IPC.</u><br><br>കേസിലെ പരാതിക്കാരനെ പ്രതിയുടെ വസതിയിലേക്ക് ക്ഷണിച്ച് തന്റെ പുരാവസ്തു ശേഖരം കാണിച്ചുകൊടുക്കുകയും പ്രതിക്ക് RBI, ബാങ്ക് ഓഫ് ഖത്തർ, HSBC Bank-എന്നിവയിൽ നിന്നും വലിയൊരു തുക ലഭിക്കാനുണ്ടെന്നു i-pad -ലൂടെ ചില രേഖകൾ കാണിച്ച് വിശ്വസിപ്പിച്ച് പുരാവസ്തുക്കളെന്ന വ്യാജേന ചില സാധനങ്ങൾ പരാതിക്കാരന്റെ കൈവശം വില്പന നടത്താനായി കൈമാറുകയും അഡ്വാൻസായി 15,90,000/- രൂപ പ്രതി പല തവണകളായി കൈപ്പറ്റുകയും ചെയ്തു. ഇപ്രകാരം വ്യാജ വസ്തുക്കൾ പുരാവസ്തു എന്ന വ്യാജേന നൽകിയും ഡോക്ടർ എന്ന വ്യാജേന പരാതിക്കാരനെ ചികിത്സിച്ച് മരുന്നു നൽകിയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തതിന് രജിസ്റ്റർ ചെയ്ത കേസ്. ഈ കേസിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (ബി) | ആരൊക്കെയാണ് പ്രതികളെന്ന് വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് 4 കേസുകൾ ക്രൈം ബ്രാഞ്ചിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസുകളുടെ വിശദാംശങ്ങൾ ചുവടെ.<br><br>1. <u>ക്രൈംബ്രാഞ്ച് ക്രൈം.നം. 272/CB/EKM/D/2021 U/s 465,468,204 & 34 IPC.</u><br><br>കൈവശമുള്ള പുരാവസ്തുക്കളുടെ വിശ്വാസ്യത വർദ്ധിപ്പിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കണമെന്നും വിശ്വാസ വഞ്ചന നടത്തി അന്യായ ലാഭമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടി Defence Research Development Organization, Ministry |

of Defence, Govt. of India-യുടെ പേരിലുള്ള 4 വ്യാജ രേഖകൾ കൃത്രിമമായി നിർമ്മിച്ച് തന്റെ കലൂരിലുള്ള വീട്ടിൽ സൂക്ഷിച്ചിരുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസാണിത്. മോൻസൺ മാവുങ്കൽ, ജിഷ്ണു S/o ശശി എന്നിവരാണ് പ്രതികൾ. കേസ് അന്വേഷണ ഘട്ടത്തിലാണ്.

2.ക്രൈം ബ്രാഞ്ച് ക്രൈം.നം. 263/CB CU-II/EKM/D/2021 U/s 468, 471, 420 IPC.

100 വർഷത്തോളം പഴക്കമുള്ള പുരാവസ്തുക്കൾ മൂന്ന് കോടി രൂപ നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പ്രതിയായ മോൻസൺ മാവുങ്കൽ പരാതിക്കാരനിൽ നിന്നും വാങ്ങുകയും തവണകളായി 30 ലക്ഷം രൂപ പരാതിക്കാരനിൽ നിന്നും തവണകളായി കൈപ്പറ്റുകയും ചെയ്തു. ടി തുകകൾ തിരിച്ചു നൽകാതെ മൂന്നുകോടി മുപ്പതു ലക്ഷം രൂപയുടെ സാമ്പത്തികനഷ്ടം പരാതിക്കാരന് ഉണ്ടാക്കിയതിനും 100 വർഷത്തോളം പഴക്കമുള്ള പുരാവസ്തുക്കൾ അതിപുരാതന കാലത്തുള്ളതാണെന്നു പ്രദർശിപ്പിച്ച് സന്ദർശകരെയും പരാതിക്കാരനെയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തതിനു രജിസ്റ്റർ ചെയ്ത കേസ്. കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരുന്നു.

3. ക്രൈം ബ്രാഞ്ച് ക്രൈം.നം.262/CB/TVM/D/2021 U/s 406 & 420 IPC

കേസിലെ പരാതിക്കാരനായ സുരേഷ് കുമാറിന്റെ കരകൗശല ഉൽപ്പന്നങ്ങൾ 80 ലക്ഷം രൂപ വില സമ്മതിച്ച് ഈ കേസിലെ പ്രതി മോൻസൺ മാവുങ്കൽ കൈപ്പറ്റിയ ശേഷം പണം മുഴുവൻ നൽകാതെ ചതിച്ചുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസാണ്. ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു.തിരുവനന്തപുരം JFMC -II കോടതിയിൽ സമർപ്പിക്കുകയുണ്ടായി. കേസിന്റെ വിചാരണ നടന്നു വരവെ പരാതിക്കാരനായ ശ്രീ.സുരേഷ് കുമാർ നൽകിയ ഹർജി പരിഗണിച്ച് ബഹു. കോടതി CrPC 320(8) പ്രകാരം 13.09.2022-ൽ ഈ കേസ് കോമ്പൗണ്ട് ചെയ്തിട്ടുണ്ട്.

4. ക്രൈം ബ്രാഞ്ച് ക്രൈം.നം.300/CB CU-II/EKM/D/2021 U/s 406, 419,468, 420 IPC.

കേസിലെ പരാതിക്കാരനെ പ്രതിയുടെ വസതിയിലേക്ക് ക്ഷണിച്ച് തന്റെ പുരാവസ്തു ശേഖരം കാണിച്ചുകൊടുക്കുകയും പ്രതിക്ക് RBI, ബാങ്ക് ഓഫ് ഖത്തർ, HSBC Bank-എന്നിവയിൽ നിന്നും വലിയൊരു തുക ലഭിക്കാനുണ്ടെന്നു i-pad -ലൂടെ ചില

| | | | |
|---|---|---|---|
| | | | രേഖകൾ കാണിച്ച് വിശ്വസിപ്പിച്ച് പുരാവസ്തുക്കളെന്ന വ്യാജേന ചില സാധനങ്ങൾ പരാതിക്കാരന്റെ കൈവശം വില്പന നടത്താനായി കൈമാറുകയും അഡ്വാൻസായി 15,90,000/- രൂപ പ്രതി പല തവണകളായി കൈപ്പറ്റുകയും ചെയ്തു. ഇപ്രകാരം വ്യാജ വസ്തുക്കൾ പുരാവസ്തു എന്ന വ്യാജേന നൽകിയും ഡോക്ടർ എന്ന വ്യാജേന പരാതിക്കാരനെ ചികിത്സിച്ച് മരുന്നു നൽകിയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തതിന് രജിസ്റ്റർ ചെയ്ത കേസ്. ഈ കേസിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (സി) | ഈ കേസ്സിൽ പ്രതികളായവർ രാഷ്ട്രീയ - ഉന്നത തലങ്ങളിൽ ബന്ധപ്പെട്ടവരാണോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | മേൽപ്പറഞ്ഞ കേസുകളിൽ രാഷ്ട്രീയ - ഉന്നത തലങ്ങളിൽ പെട്ടവരെ പ്രതികളായി ഉൾപ്പെട്ടതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. എന്നാൽ 2.62 ലക്ഷം കോടി രൂപയുടെ വലിയ തുക ലഭിക്കാനുണ്ടെന്നു HSBC ബാങ്കിന്റെ വ്യാജ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ചമച്ച് കാണിച്ച് കേസിലെ പരാതിക്കാരായ 6 പേരിൽ നിന്നും വാങ്ങിയ 10 കോടി രൂപ മടക്കി നൽകാതെ വഞ്ചിച്ചതിന് CB Cr 260/CB CU-II/EKM/D/2021 നമ്പറായി ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ മോൻസൺ മാവുങ്കൽ, KPCC പ്രസിഡന്റ് കെ.സുധാകരൻ MP, എസ്. സുരേന്ദ്രൻ, ഗുഗുലോത്ത് ലക്ഷ്മൺ IPS, എബിൻ എബ്രഹാം, ബിന്ദുലേഖാ സുരേന്ദ്രൻ എന്നിവർ യഥാക്രമം ഒന്ന് മുതൽ ആറ് വരെ പ്രതികളാണ്. |

സെക്ഷൻ ഓഫീസർ